പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*86. 06.06.2018 ൽ മറുപടിയ്ക്ക്

## ലഹരിവസ്തുക്കളുടെ കടത്ത് തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ.എ.എം.ഷംസീർ<br>ശ്രീ.ജോർജ്ജ് എം.തോമസ്<br>ശ്രീമതി.വീണാ ജോർജ്ജ് | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | യുവാക്കളെയും വിനോദസഞ്ചാരികളെയും ലക്ഷ്യമിട്ടുകൊണ്ട് കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കമരുന്നുകൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് കർശനമായി തടയുന്നതിന് അതിർത്തി ചെക്ക്പോസ്റ്റ് സംവിധാനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) | കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കമരുന്നുകൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് കർശനമായി തടയുന്നതിന് അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുകയും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തുന്നുണ്ട്. രാത്രി കാലങ്ങളിലെ പരിശോധനകൾ സുഗമമായി നടത്തുന്നതിലേയ്ക്കായി ഡസ്റ്റ് മാസ്കുകൾ, കുടകൾ, ഫ്ളൂറസൻറ് ജാക്കറ്റുകൾ ട്രാഫിക് കോണുകൾ എന്നിവ വിതരണം ചെയ്യുകയും 25 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ ഹൈമാസ്റ്റ് ലൈറ്റുകളും വൈദ്യുതി ചെന്നെത്താത്ത 2 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. വാഹനമില്ലാതിരുന്ന കേരളത്തിലെ പ്രധാനപ്പെട്ട 20 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ 160 സിസി ഇരുചക്രവാഹനങ്ങൾ വിതരണം ചെയ്യുകയും എക്സൈസ് ചെക്ക്പോസ്റ്റുകളിൽ വാഹന |

| | | | |
|---|---|---|---|
| | | | പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി 14 ചെക്ക്പോസ്റ്റുകളിൽ സിസിറ്റിവി സംവിധാനം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എൻഫോഴ്സ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തുന്ന ഡിജിറ്റൽ വയർലെസ് സംവിധാനത്തെയും മറ്റ് ആധുനീകരണ ശാക്തീകരണ പ്രവർത്തനങ്ങളെയും കുറിച്ച് വ്യക്തമാക്കുമോ; | (ബി) | എൻഫോഴ്സ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എക്സൈസ് ഡിപ്പാർട്ട്മെന്റിൽ വയർലസ്സ് സ്ഥാപിക്കുന്നതിന്റെ ആദ്യപടിയായി എറണാകുളം, പാലക്കാട് ജില്ലകളിലെ എല്ലാ ഓഫീസുകളിലും വാഹനങ്ങളിലും വയർലസ്സ് സംവിധാനം സ്ഥാപിക്കുന്നതിനായി രണ്ട് കോടി രൂപയുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എക്സൈസ് ക്രൈം & ക്രിമിനൽ ട്രാക്കിംഗ് സോഫ്റ്റ് വെയർ രൂപീകൃതമായതിന്റെ ഫലമായി മുതിർന്ന ഉദ്യോഗസ്ഥർക്ക് കേസുകളുടെ അന്വേഷണം നിരീക്ഷിക്കുവാനും നിർദ്ദേശം നൽകുവാനും സാധിക്കുന്നുണ്ട്. |
| (സി) | ലഹരിക്കെതിരെയുള്ള പോരാട്ടം ശക്തമാക്കുന്നതിന് ഉദ്യോഗസ്ഥരുടെ അംഗബലത്തിൽ ആവശ്യാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ ശക്തമാക്കുന്നത് ലക്ഷ്യമിട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 244 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കാറ്റഗറി തിരിച്ച് തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ | 8 |
| 2 | എക്സൈസ് ഇൻസ്പെക്ടർ | 6 |
| 3 | എക്സൈസ് പ്രിവന്റീവ് ഓഫീസർ | 16 |
| 4 | സിവിൽ എക്സൈസ് ഓഫീസർ | 64 |
| 5 | വനിതാ സിവിൽ എക്സൈസ് ഓഫീസർ | 138 |
| 6 | എക്സൈസ് ഡ്രൈവർ | 8 |

<table>
<tr><td></td><td></td><td></td><td><table>
<tr><td>7</td><td>ജൂനിയർ സയന്റിഫിക് ഓഫീസർ</td><td>1</td></tr>
<tr><td>8</td><td>ലാബ് അസിസ്റ്റന്റ്</td><td>1</td></tr>
<tr><td>9</td><td>പാർട്ട് ടൈം സ്വീപ്പർ</td><td>2</td></tr>
</table></td></tr>
<tr><td>(ഡി)</td><td>വിമുക്തി മിഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?</td><td>(ഡി)</td><td>'വിമുക്തിയുടെ ഗവേണിംഗ് ബോഡി യോഗം 16/05/2018ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും വിമുക്തി മിഷന്റെ ഭാഗമായി നടത്തിയ പ്രധാന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്കുള്ള രൂപരേഖ സംബന്ധിച്ച് ചർച്ച നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിമുക്തി മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി ബഹു.എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും വിമുക്തി മിഷൻ പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ചർച്ച ചെയ്യുകയും നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിരുന്നു</td></tr>
</table>

സെക്ഷൻ ഓഫീസർ